"ഭരണഭാഷ - മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി .ഓഫീസ് : വൈദ്യുതി ഭവനം ,പട്ടം ,തിരുവനന്തപുരം - 695 004 ,

കേരള CIN :U40100KL2011SGC027424 വെബ് സൈറ്റ് : www.kseb.in.

ഫോൺ : 0471 2448720

ഇമെയിൽ : dgkseb@kseb.in

## സംഗ്രഹം

സുഭിക്ഷ കേരളം പദ്ധതി - കോവിഡ്-19 മഹാമാരി സംജാതമാക്കിയ ദുർഘട സാഹചര്യത്തിൽ സംസ്ഥാനത്തു ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കൽ – ലോവർ മീൻമുട്ടിയിൽ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

കോർപ്പറേറ്റ് ഓഫീസ് (എസ്സ്.ബി.യൂ-ജി-സി)

**ബി.ഒ.(എഫ്.റ്റി.ഡി) നമ്പർ 618/2020 (ഡി.ജി.സി/എ.ഇ.ഇ VI/ലാന്റ്/2014).**

**തിരുവനന്തപുരം, തീയതി, 07.10.2020.**

പരാമർശം:-

1. ബി.ഒ (എഫ്.റ്റി.ഡി) നമ്പർ 344/2020 (ഡി.ജി.സി/എ.ഇ.ഇ VI/ ലാന്റ്/2014) തിരുവനന്തപുരം തീയതി 25.05.2020.
2. നം.എൽ.എം.യു/ലാന്റ്/അഗ്രി/123/2020 തീയതി 30.09.2020 പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ് (അജണ്ട നം.12/10/2020).

## ഉത്തരവ്

സുഭിക്ഷ കേരളം പദ്ധതി പ്രകാരം ലോവർ മീൻമുട്ടിയിൽ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട് നന്ദിയോട് ഗ്രാമ പഞ്ചായത്തും കുടുംബശ്രീയും താല്പര്യം പ്രകടിപ്പിച്ചിരുന്നു. എന്നാൽ ഹെക്ടർ ഒന്നിന് മാസ തറ വാടകയായി കരട് എഗ്രിമെന്റിൽ കാണിച്ചിരിക്കുന്നത് 1000 രൂപയാണ്.

ലോവർ മീൻമുട്ടിയുടെ പ്രത്യേക ഭൂമി ശാസ്ത്രപരമായ സാഹചര്യം പരിഗണിച്ച് ടി രൂപ തറവാടക നൽകി കൃഷി നടത്തുക ബുദ്ധിമുട്ടാണെന്നും മാസ തറവാടക കുറയ്ക്കണമെന്നും പഞ്ചായത്തും കുടുംബശ്രീയും ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ നന്ദിയോട് കൃഷി ഓഫീസറുടെ അഭിപ്രായം ആരാഞ്ഞു. കാട്ടുപന്നി കുരങ്ങ് എന്നിവയുടെ ശല്യമുള്ളതിനാൽ കൃത്യമായ മേൽനോട്ടം വേണമെന്നും നല്ല രീതിയിൽ വേലികെട്ടി സംരക്ഷിക്കേണ്ടതുണ്ടെന്നും, ആയതിനാൽ കൃഷി ചെലവ് ഗണ്യമായി വർദ്ധിക്കുമെന്നും കൃഷി ഓഫീസർ അറിയിച്ചു. ആയതിനാൽ ഏക്കറൊന്നിന് മാസ തറവാടക 350 രൂപ ആക്കി കുറച്ചാൽ കുടുംബശ്രീക്ക് കൃഷി നഷ്ടം കൂടാതെ കൃഷി ചെയ്യാൻ സാധിക്കുമെന്ന് നന്ദിയോട് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തു.

(മറുപുറം)

വിഷയം മേൽസൂചന 2 പ്രകാരം മുഴുവൻ സമയ ഡയറക്ടർമാരുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുകയും 01.10.2020-ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ നന്ദിയോട് ഗ്രാമ പഞ്ചായത്തിനും, കുടുംബശ്രീക്കും കാർഷികാവശ്യത്തിന് നൽകുന്ന കെ.എസ്.ഇ.ബി.എൽ വക ഭൂമിയുടെ പ്രതി മാസ തറവാടക ഏക്കറൊന്നിന് 1000 രൂപ എന്ന് മുമ്പ് തീരുമാനിച്ചിരുന്നത്, ലോവർ മീൻമുട്ടി പ്രദേശത്തിന്റെ പ്രത്യേക പരിസ്ഥിതി പരിഗണിച്ചും, നന്ദിയോട് കൃഷി ഓഫീസറുടെ അപേക്ഷ പരിഗണിച്ചും 350 രൂപയായി കുറയ്ക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

ഫുൾ ടൈം ഡയറക്ടർമാരുടെ ഉത്തരവിൻ പ്രകാരം,
ഒപ്പ്/-
ലേഖ.ജി
കമ്പനി സെക്രട്ടറി ഇൻ ചാർജ്

സ്വീകർത്താവ്

ചീഫ് കോർഡിനേറ്റർ, ലാന്റ് മാനേജ്മെന്റ് യൂണിറ്റ്.

പകർപ്പ്:-

1. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ആഡിറ്റർ.
2. ചീഫ് എൻജിനീയർ (ഐ.ടി).
3. കമ്പനി സെക്രട്ടറി ഇൻ-ചാർജ്ജ്.
4. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, എച്ച്.ആർ.എം. & ഐ.ടി)/ ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ)/ഡയറക്ടർ (കോർപ്പറേറ്റ് പ്ലാനിംഗ്, ജനറേഷൻ-ഇലക്ട്രിക്കൽ, ജനറേഷൻ-സിവിൽ, എസ്.സി.എം & സേഫ്റ്റി) എന്നിവരുടെ ടെക്നിക്കൽ അസിസ്റ്റന്റുമാർ.
5. ഡയറക്ടർ (ഫിനാൻസ്) ന്റെ പേഴ്സണൽ അസിസ്റ്റന്റ്.
6. ചീഫ് വിജിലൻസ് ഓഫീസർ/സെക്രട്ടറി (ഭരണം) യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/സ്റ്റോക്ക് ഫയൽ.
7. ഫയൽ നമ്പർ.എൽ.എം.യു/ലാന്റ്/അഗ്രി/123/2020.

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ